LIBRARY ARCHIVES Kerala Legislative Assembly

ചങ്ങനാശ്ശേരി പെരുമ്പുഴ കടവ് - പൂവം പാലത്തിന്റെ നിർമ്മാണം

111 (708) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈനർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ ചങ്ങനാശ്ശേരി പെരുമ്പുഴക്കടവ്-പൂവം പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പാലത്തിന്റെ നിർമ്മാണ ജോലികൾ എന്ന് പൂർത്തീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത് ; പാലം പണിയുന്നതിനോടൊപ്പം എന്തൊക്കെ ജോലികൾ കൂടി പൂർത്തീകരിക്കാനായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത് ;

(സി) ഇതിന്റെ നിർമ്മാണ പ്രവൃത്തികൾക്കും അനുബന്ധ ജോലികൾക്കും എന്തു തുകയാണ് വകയിരുത്തിയിരുന്നത് ; പ്രസ്തുത തുകയിൽ ചെയ്തു തീർക്കേണ്ട ജോലികൾ എന്തൊക്കെ ആയിരുന്നു ; ഇതിൽ ഇതുവരെ എന്തൊക്കെ ജോലികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ ;

(ഡി) പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പ്രസ്തുത വർക്കിനൊപ്പം ചെയ്യേണ്ട പാലം മുതൽ ളാപാലം വരെയുള്ള തോട് പായൽനീക്കി ആഴംകൂട്ടി നവീകരിക്കുന്ന ജോലിയുടെയും നിലവിലുള്ള അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിനായി അനുവദിച്ച തുകയിൽ എന്തു തുക പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ ഇതുവരെ കൈപ്പറ്റിയെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഒരു വർഷമായി യാതൊരു പണിയും നടക്കാത്തതുമൂലം പൂവം പ്രദേശത്തേയ്ക്ക് ഗതാഗതമാർഗ്ഗം ഇല്ലാത്ത അവസ്ഥ പരിഗണിച്ച് പണി തീർക്കുവാൻ സത്വരനടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ചങ്ങനാശ്ശേരി - പെരുംപുഴക്കടവ് - പൂവൻ പാലത്തിന്റെ നിർമ്മാണം 12-ാം ധനകാര്യ കമ്മീഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2009 നവംബർ മാസം തുടങ്ങുകയും 2010 മാർച്ച് മാസം പൂർത്തീകരിക്കുകയും ചെയ്തു. ഏപ്രിൽ 24-ാം തീയതി പാലത്തിന്റെ പടിഞ്ഞാറ് വശത്തെ അപ്രോച്ച് റോഡ് താഴ്ന്നുപോവുകയും തന്മൂലം ഗതാഗത തടസ്സം ഉണ്ടാകുകയും ചെയ്തു. വളരെ വേഗംതന്നെ പൂവത്തേക്ക് ഒരു താൽക്കാലിക റോഡ് നിർമ്മിക്കുകയും വാഹന ഗതാഗതം പുനരാരംഭിക്കുകയും ചെയ്തു. അപ്രോച്ച് റോഡ് താഴ്ന്നതിനെപ്പറ്റി എൽ.ബി.എസ്-നോട് പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഈ പാലത്തിന്റെ നിർമ്മാണം 2010 മാർച്ചിൽ പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നത്. ഈ പാലത്തിന്റെ നിർമ്മാണത്തോടുകൂടി ഇരുവശത്തും അപ്രോച്ച് റോഡ്, പെരുമ്പുഴ കടവ്മുതൽ ളാപാലംവരെയുള്ള

തോടിന്റെ പായൽ മാറ്റി ആവശ്യമുള്ള സ്ഥലത്തെ ചെളി നീക്കം ചെയ്യൽ, 100 മീറ്റർ പുതിയ കൽകെട്ട് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്.

(സി) ഇതിന്റെ നിർമ്മാണ പ്രവൃത്തിക്ക് ടെണ്ടർ എക്സസ് ഉൾപ്പെടെ 188 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. പാലം, അപ്രോച്ച് റോഡ് 2800 മീറ്റർ കനാൽ വൃത്തിയാക്കൽ എന്നിവയാണ് ഉദ്ദേശിച്ചിരുന്നത്. മേൽപ്പറഞ്ഞ ജോലികൾ എല്ലാം പൂർത്തിയായിക്കഴിഞ്ഞു.

(ഡി) പാലത്തിന്റേയും അപ്രോച്ച് റോഡിന്റേയും പ്രസ്തുത വർക്കിനൊപ്പം പാലംമുതൽ ളാപാലം വരെയുള്ള തോട് പായൽനീക്കി ആഴം കൂട്ടി നവീകരിക്കുന്ന ജോലി മാർച്ച് 2010-ൽ പൂർത്തീകരിച്ചു.

(ഇ) ഇതിനായി അനുവദിച്ച തുകയിൽ പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ ഇതുവരെ ടെണ്ടർ എക്സസ് ഉൾപ്പെടെ 127.70 ലക്ഷം കൈപ്പറ്റി. ബാക്കി തുക ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം തടഞ്ഞുവച്ചിരിക്കുകയാണ്.

(എഫ്) എൽ.ബി.എസ്. -ന്റെ റിപ്പോർട്ടും നിർദ്ദേശവും അനുസരിച്ച് മേൽ നടപടി സ്വീകരിക്കുന്നതാണ്. നിലവിലുള്ള ഡീവിയേഷൻ റോഡ് പുറം ഭാഗത്തേക്ക് ഗതാഗതത്തിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

വെള്ളപ്പൊക്കം നിയന്ത്രിക്കാൻ നടപടി

112 (709) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ജലവിഭവ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദാംശം നൽകുമോ ;

(ബി) പുതുതായി ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പൂർത്തിയാക്കിയ വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോ ;

(ഡി) അടുത്തകാലത്ത് വെള്ളപ്പൊക്ക കെടുതിയുണ്ടായ പ്രദേശങ്ങളിൽ വെള്ളപ്പൊക്കം തടയുന്നതിനും കനാലുകളുടെ അറ്റകുറ്റപ്പണികൾക്കും അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly